പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4559

29.06.2012 ൽ മറുപടിയ്ക്ക്

# മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്യോഗസ്ഥരുടെ വിശദാംശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകളിൽ എത്ര ഉദ്യോഗസ്ഥർക്കാണ് നേരിട്ട് ചുമതലയുള്ളത്; ഏതൊക്കെ തസ്തികയിലാണ്; വ്യക്തമാക്കുമോ; | എ) | ഗ്രാമപഞ്ചായത്ത് തലത്തിൽ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരം താഴെ പറയുന്നു<br>i) ഗ്രാമപഞ്ചായത്ത് സെക്രട്ടറി - രജിസ്ട്രേഷൻ<br>ii) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സംഘാടനം, മേൽനോട്ടം<br>iii) അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ - എസ്റ്റിമേറ്റ് തയ്യാറാക്കലും, അളവെടുപ്പും<br>iv) അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ - എം.ജി.എൻ.ആർ.ഇ.ജി.എസുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കുക, ഡേറ്റാ എൻട്രി ചെയ്യുക<br>v) തദ്ദേശ സ്വയം ഭരണ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ - പ്രവൃത്തി നടത്തിപ്പും ചെക്ക് മെഷർമെന്റും |
| ബി) | പ്രസ്തുത തസ്തികകൾ എല്ലാം സ്ഥിരം തസ്തികയാണോ; സ്ഥിരം തസ്തിക അല്ലെങ്കിൽ ആയത് സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | ബി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയർ/എ.ഇ/ എ.എക്സ്.ഇ/ഇ.ഇ എന്നിവ സ്ഥിരം തസ്തികകളും, അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ/ അക്കൗണ്ടന്റ്- കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർ കരാർ അടിസ്ഥാനത്തിൽ നിയമിതരായവരുമാണ്, കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാലയളവിൽ ഇതിനായുള്ള തുക ഭരണ ചെലവിൽ നിന്നും സ്ഥിരം തസ്തികയിലേക്ക് ശമ്പളം നൽകുവാൻ ഉപയോഗിക്കുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ ? | സി) | ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ/ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തികകൾക്ക് ശമ്പളത്തിനായി ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ